നോവലെറ്റ്
മീനു എലിസബത്ത്

# കുഴിയാനകൾ

**ഞങ്ങടെ വള്ളം കാണുമ്പോഴേക്കും നീലൻ പാവാടയും കൊച്ചു ബ്ലൗസും ധരിച്ച, നീലൻകോലൻ മുടിയുള്ള ഒരു പെൺകുട്ടി ഇറങ്ങി കലവും കൊണ്ട് കടവില് വരും. ഞാൻ ഒന്നും കാണുന്നില്ലെന്നാ അവരുടെ വിചാരം.**



## രണ്ട്

ഇതിനകം അപ്പച്ചൻ എന്നെ ഉമിക്കരിയും കുരുമുളകും കൂടി ഞെരടിയ കൂട്ട് കൊണ്ട് പല്ലു തേപ്പിക്കും, മൊന്തയിൽ വെള്ളം എടുത്തു കുലുക്കുഴിയിപ്പിക്കും. കുരുമുളകിന്റെ എരിവ് കൂടുന്ന ദിവസങ്ങളില് ഞാൻ വായ് എരിച്ചാണ് കഴിക്കാൻ ഇരിക്കുക. മിക്കവാറും അപ്പച്ചന്റെ മടിയില്, അല്ലെങ്കില് അടുത്ത കസേരയില്. അപ്പച്ചൻ ചെമ്പാവിന്റെ ചുവന്ന പുട്ട്, എന്റെ പ്രഭാതത്തിലെ പ്രിയപ്പെട്ട ഞാലിപൂവൻപഴം കുഴച്ച് കുഞ്ഞുമുട്ടകള് ആക്കി വായിലേക്ക് വെച്ച് തരും. ഓരോ വലിയ ആനമുട്ടകള് അപ്പച്ചനും ഉരുട്ടികഴിക്കും. അപ്പച്ചന്റെ പാലുംകാപ്പി ഇടയ്ക്ക് ഇടയ്ക്ക് എന്റെ തൊണ്ട നനയാൻ തരും. അത് കാണുമ്പോൾ അമ്മച്ചി പറയും.

"അയ്യോ, അവൾക്ക് നിങ്ങള് കാപ്പി കൊടുത്തെന്നറിഞ്ഞാല് അവളുടെ അമ്മ എന്നെ ശരിയാക്കും. ഞാൻ അവളുടെ പാല് ആറിക്കുവാ... ഇപ്പം കൊണ്ടുവരാം." അമ്മച്ചി ചെറിയ പാത്രത്തിൽ ആറ്റാൻ വെച്ച പാട പോകാത്ത പാല് മേശയില് കൊണ്ട് വെക്കും. അത് കാണുമ്പോൾ എന്റെ സകല സന്തോഷവും പോകും. പാല് കുടിക്കുക എനിക്ക് ഏറ്റവും മടിയുള്ള കാര്യമാണ്. ഞാൻ സങ്കടത്തോടെ അപ്പച്ചനെ നോക്കും, മുഖം ചെവിയോടു അടുപ്പിച്ചു വെച്ച് അപ്പച്ചനോട് പറയും. "അപ്പച്ചാ, എനിക്ക് പാല് വേണ്ട അത് ചൂടാ, അപ്പടി പാടയാ."

"അയ്യോ ചിന്നമ്മ, പാല് കുടിക്കാതെ എങ്ങനെയാടാ. നിനക്ക് വളർന്നു വലിയ പെണ്ണ് ആകണ്ടെ? പാല് കുടിക്കണം. അപ്പച്ചൻ അത് നന്നായിട്ട് ആറിച്ചു തരാ... അമ്മച്ചി കാണാതെ നമ്മക്ക് ഇച്ചിരെ പഞ്ചാരേം കൂടി ഇടാം." ഓരോ സൂത്രങ്ങള് പറഞ്ഞ് അപ്പച്ചൻ എന്നെ ആ പാല് മുഴുവൻ ഞാൻ പോലും അറിയാതെ കുടിപ്പിക്കും.

ചില ദിവസങ്ങളില് വീട്ടില് കഞ്ഞിയാണ് രാവിലെ. പാല് പോലെ തന്നെ എനിക്ക് മടുപ്പാണ് കഞ്ഞിയും. അപ്പോളും അപ്പച്ചൻ എന്റെ രക്ഷയ്ക്ക് വരും. "എടീ അന്നമ്മേ, കൊച്ചിന് വല്ല മുട്ടയോ ഏത്തക്ക പുഴുങ്ങിയതോ വല്ലോം ഉണ്ടാക്കി കൊടുക്കാൻ മേലേടീ." എന്നൊരു ചോദ്യം അങ്ങ് ചോദിക്കും. വലിയമ്മച്ചി വേഗം എന്റെ കഞ്ഞിപ്പാത്രം എടുത്തു മാറ്റും. ഞാൻ ഒരു പെണ്ണ് ആയതിനാല് എനിക്ക് യാതൊരു പരിഗണനയും അരുത് എന്ന് വലിയമ്മച്ചിക്ക് വാശിയുള്ളതു പോലെ ആയിരുന്നു. കാരണം ഞാൻ വല്ലവന്റെയും വീട്ടില് പോയി അവരുടെ അടുക്കളയില് കഴിയുമ്പോള് ആര് എന്നെ കാര്യം വെക്കും. അന്നെനിക്കത് മനസിലായിരുന്നില്ലല്ലോ.

പ്രഭാത ഭക്ഷണം കഴിഞ്ഞാല് അപ്പച്ചനെ പിന്നെ കാണാൻ കിട്ടണമെങ്കില് സന്ധ്യ ആകണം. കണ്ടത്തില് പോകാനുള്ള ഒരുക്കമാണ്. വെള്ള മൻമല് മുണ്ടും, തേച്ചു വടി പോലെ വെച്ചിരിക്കുന്ന വെള്ള ഷർട്ടും തോളത്ത് ഒരു കവണിയും കാണും. ഷർട്ടിന്റെ നെഞ്ചത്ത് വലിയ രണ്ടു പോക്കറ്റുകളും. വെള്ളി കെട്ടിയ വടി ഒരു കൈയിൽ പിടിച്ച് മുണ്ടിന്റെ തുമ്പു മറുകൈ കൊണ്ട് ചെറുതായി ഒന്ന് പൊക്കി പിടിച്ചാണ് നടപ്പ്.

പാടത്തേക്കുള്ള ആ യാത്രയില് കൂട്ടത്തില് കുഞ്ഞുമോൻ ചേട്ടനും കാണും. കടവത്ത് ഞങ്ങടെ വലിയ വളവര വള്ളം കുഞ്ഞുമോൻ ചേട്ടൻ വെള്ളം തേകി, വള്ളപ്പടികള് തുടച്ചു വൃത്തിയാക്കി ഇടും. ഈ കാഴ്ച കാണാൻ ഞാൻ ഓടിച്ചെല്ലും. പാള കൂട്ടി പിടിച്ചാണ് വെള്ളം തേകുന്നത്. ഇടയ്ക്ക് വെള്ളത്തുള്ളികള് എന്റെ നേരെ തെറിപ്പിച്ചു വിടും. ഞാൻ ബഹളം ഉണ്ടാക്കും. എന്നാലും പോകാതെ ഞാൻ അവിടെ ചുറ്റിപ്പറ്റി നില്ക്കും. കാരണം ചിലപ്പോള് അപ്പച്ചൻ ഇറങ്ങാൻ വൈകിയാല് കുഞ്ഞുമോൻ ചേട്ടൻ എന്നെ വള്ളത്തിൽ ഒന്ന് കയറ്റി ഒരു ചെറിയ കറക്കം കറങ്ങി തിരികെ കൊണ്ട് വിടും. ഒരു രാജകുമാരിയുടെ ഗമയില് ഞാൻ വള്ളപ്പടിയില് ഇരിക്കും. വലിയ വള്ളത്തിന്റെ ഒരു മൂലയില് ഞാനും മറുമൂലയില് വള്ളം ഊന്നിക്കൊണ്ട് കുഞ്ഞുമോൻ ചേട്ടനും.

"ഹ ഇങ്ങു വന്നോ പാറ്റക്കുഞ്ഞ്? ഇന്ന് ഞാൻ വള്ളത്തില് കേറ്റത്തില്ല. രാവിലെ എന്നെ കല്ലു വലിച്ചെറിഞ്ഞില്ലേ?" എന്നെ കാണുമ്പള് കുഞ്ഞുമോൻ ചേട്ടൻ എന്നും പറയുന്ന പല്ലവിയാണ്." ഒന്നും രണ്ടും പറഞ്ഞ് അവസാനം ഞാൻ തനിയെ വള്ളത്തിലേക്ക് ചാടിക്കയറും. "അയ്യോ, കൊച്ചെ പിടച്ചിരി അവിടെ, വെള്ളം കയറി കിടക്കുവാ..." ഞാൻ ഇറുക്കി പിടിച്ചു ഒരിരുപ്പിരിക്കും. കഴുക്കോല് ഊന്നി കുഞ്ഞുമോൻ ചേട്ടൻ വള്ളം പതുക്കെ മുന്നോട്ടു നീക്കും. "പിന്നെ ഇതിനൊക്കെയേ എനിക്ക് കാശ് വാങ്ങിച്ചു തരണം കൊച്ചിന്റെ അപ്പൻ വരുമ്പോള് കേട്ടോ, പാറ്റാക്കുഞ്ഞെ." ഞാൻ കവിള് കുറെക്കൂടി വീർപ്പിച്ചിരിക്കും. കുനിഞ്ഞു വെള്ളത്തില് കൈമുട്ടിക്കും. തോട്ടിൽ നിറയെ വെള്ളം. അങ്ങ് താഴെയായി പരലും പള്ളത്തിയും എല്ലാം തുള്ളി മറിയുന്നു. ചിലത് ഇടയ്ക്ക് മിന്നായം പോലെ വള്ളത്തിന്റെ നിരപ്പിലേക്ക് എടുത്തു ചാടും. ഇടയ്ക്ക് വല്ല നീർക്കോലിയോ ആമയോ ഊളിയിട്ടു പോവാനും മതി. കുഞ്ഞു മീനുകളെ വല്ലതും പിടിക്കാൻ പറ്റുമോ എന്നാണ് നോട്ടം. വെള്ളത്തില് കൈ വെച്ചോണ്ട് ഒരു വശത്ത് ചെരിഞ്ഞിരിക്കുന്ന എന്നെ കാണുമ്പോള് പിന്നെയും കുഞ്ഞുമോൻ ചേട്ടൻ ഒച്ചയിടും. "കൊച്ചെ വെള്ളത്തിലോട്ട് മറിഞ്ഞു വീഴും കേട്ടോ, അടങ്ങിയിരുന്നില്ലേല് നാളെ തൊട്ട് ഞാൻ ഇതേല് കയറ്റത്തില്ല." ഞാൻ വേഗം കൈവലിക്കും.

തോട്ടിൽ അവിടവിടെയായി ആമ്പലും, കൊളവാഴപ്പൂക്കളും വിടർന്നു നില്ക്കുന്നുണ്ടാകും. ഈ കൈത്തോട് ചെന്ന് ചേരുന്നത് വേമ്പനാട് കായലിന്റെ തീരത്താണ്. അവിടെയാണ് ഞങ്ങടെ കൃഷി സ്ഥലം. അവിടേക്കാണ് അപ്പച്ചൻ പോകാൻ ഒരുങ്ങി നില്ക്കുന്നത്. തോടിന്റെ ഒരു വശത്ത് പലരുടെയും കുടിലുകള്. എല്ലാ കുടിലിന്റെ മുൻപിലും കുറെ കുട്ടികള്. ഉടുപ്പുള്ളതും ഇല്ലാത്തതും. ചില കുട്ടികള് അവരവരുടെ കടവില് കുളി ആയിരിക്കും. പെണ്ണുങ്ങള് മുണ്ട് മേലോട്ട് മടക്കി കുത്തി തുണി നനയും. അതിലൊരു കടവിന്റെ അടുത്ത് വരുമ്പോൾ കുഞ്ഞുമോൻ ചേട്ടനു ചുണ്ടത്തൊരു മൂളിപ്പാട്ടും ഒരു ചുമയും എല്ലാം വരും. ഞങ്ങടെ വള്ളം കാണുമ്പോഴേക്കും നീലൻ പാവാടയും കൊച്ചു ബ്ലൗസും ധരിച്ച, നീലൻകോലൻ മുടിയുള്ള ഒരു പെൺകുട്ടി ഇറങ്ങി കലവും കൊണ്ട് കടവില് വരും. ഞാൻ ഒന്നും കാണുന്നില്ലെന്നാ അവരുടെ വിചാരം. ഒരിക്കലും അവർ സംസാരിച്ചു കേട്ടിരുന്നില്ല. നോട്ടവും ചിരിയും കഥകളി ഭാഷയും ആയിരുന്നു മാർഗം. കുഞ്ഞുമോൻ ചേട്ടന്റെ ശ്രദ്ധ മാറുമ്പോള് ഞാൻ വെള്ളത്തില് കൈയും, പറ്റുമെങ്കിൽ കാലും ഇട്ടിരിക്കും. തരം കിട്ടിയാല് കൈ എത്തി ആമ്പല് പൂക്കള് പറിക്കാൻ ഒരുങ്ങും. അന്നേരവും കേൾക്കാം വഴക്ക്. "അടങ്ങി ഇരിക്കാൻ അവിടെ, ഞാൻ പറിച്ചു തരുവേലെ അതൊക്കെ." കുഞ്ഞുമോൻ ചേട്ടൻ വള്ളം പതുക്കെ കഴുക്കോലില് കുത്തി ഉറപ്പിച്ച് എനിക്ക് ആമ്പൽപൂക്കള് തണ്ടോടെ പറിച്ചു തരും. എനിക്ക് സന്തോഷം. അന്ന് മുഴുവൻ പിന്നെ ആമ്പൽ തണ്ട് കൊണ്ട് മാല ഉണ്ടാക്കി കല്യാണം കളിയാണ് ഞാൻ.

അപ്പച്ചൻ പോയിക്കഴിഞ്ഞാല് പിന്നെ ഞാൻ ആ വീട്ടില് ഏകയായത് പോലെ തോന്നും. വലിയവർ എല്ലാം ഓരോ പണികളില്. വലിയമ്മച്ചിടെ പ്രധാന പണിക്കാരി റോസക്കുട്ടിക്കും, പുറംപണി ചെയ്യാൻ വരുന്ന കാർത്യായനിക്കും, കറവക്കാരൻ കുഞ്ഞാപ്പി ചേട്ടനും തിരക്കോട് തിരക്ക്. ഉച്ചയ്ക്ക് അപ്പച്ചനും പണിക്കാർക്കും കണ്ടത്തില് ചോറ് കൊണ്ടു കൊടുക്കണം. പറമ്പില് സ്ഥിരം പണിക്കാർ നാലഞ്ചുപേർ കാണും എന്നും. തെങ്ങിന് തടം എടുക്കലും, പറമ്പ് കിളയും ആയി എന്തെങ്കിലും പണി എന്നും ഉണ്ടാകും.

ആരേലും കൊണ്ട് എന്റെ ചെത്തെങ്ങിന്റെ കരിക്ക് ഒന്ന് വെട്ടിക്കാമെന്നു വിചാരിച്ച് അടുക്കള വശത്തോട്ടെങ്ങാനും ചെന്നാല് എല്ലാരും കൂടെ അങ്ങ് തൊടങ്ങും. റോസി, അവൾക്കാണ് ഇളക്കം കൂടുതല്. എന്നെ അതും ഇതും പറഞ്ഞു കളിയാക്കാൻ അവൾക്കാണ് വിരുത്. കൂടെ ചിലപ്പോൾ വലിയമ്മച്ചിയും കൂടും. ചിലപ്പോൾ വലിയമ്മച്ചി റോസിയെ വഴക്ക് പറയും. റോസി കരിക്ക് വെട്ടി, വെള്ളം ഒരു ഗ്ലാസില് ഒഴിച്ച് കുടിക്കാൻ തരും. പിന്നെ,അത് നടുകെ പിളർന്ന്, ഇളംകരിക്ക് ഒരു പിഞ്ഞാണത്തില് ആക്കി എന്റെ നേരെ നീട്ടും. ഞാൻ അടുക്കള പടിയില് ഇരുന്നു അത് കഴിക്കും.

"നല്ല സാദനം ഒന്നും കൊച്ചിന് ഇറങ്ങേല, ഈ കണ്ടകടച്ചാണി എല്ലാം മതി. നല്ലായിട്ട് വല്ലോം കഴിച്ചോ കൊച്ചേ അങ്ങ് അമേരിക്കായിക്ക് പോകേണ്ടിയതാ ഒടനെ. സായിപ്പും കൊച്ചുങ്ങടെ കൂടെ കളിക്കേണ്ടിയതാ," റോസിടെ നാക്ക് അപ്പോഴും അടങ്ങി ഇരിക്കുവേല. അവള് ഇടയ്ക്ക് അമേരിക്ക അമേരിക്ക എന്ന് പറയുമ്പോള് എന്റെ നെഞ്ചിനുള്ളിൽ ഒരു വിങ്ങല് ആണ്. എല്ലാരെയും വിട്ടു പിരിഞ്ഞ് എന്നെ അവിടേക്ക് കൊണ്ടു പോകുമെന്നുള്ള റോസിയുടെ പ്രസ്താവനകൾ എനിക്ക് അവളോടുള്ള വെറുപ്പിന് ഒരു മുഖ്യകാരണം ആയിരുന്നിരിക്കണം. അവൾക്ക് എന്റെ കൊട്ടയിലെ പനിനീര് ചാമ്പങ്ങയും, ചക്കര മാങ്ങയും കൊടുക്കാത്തതിന്റെ കൊതിക്കെറുവാണു. അവളെ പേടിച്ചു ഞാൻ കൊട്ട അകത്തു പത്തായത്തിന്റെ പുറത്തു കൊണ്ട് വെയ്ക്കും.

അങ്ങനെ കറങ്ങി നടക്കുമ്പോൾ കാണാം, അമ്മച്ചി തൈര് കടയാൻ വലിയ കലവും മത്തും ആയി വരുന്നത്. ഞാനും കൂടെ കൂടും. ചിലപ്പോൾ എന്നെ മടിയിൽ പിടിച്ചിരുത്തി അമ്മച്ചി മത്തു വേഗത്തിൽ കറക്കും, ഒരു കൈ കൊണ്ട് ഞാനും പിടിക്കും. അമ്മച്ചിയുടെ വിരലുകൾക്കിടയിലൂടെ മത്തിന്റെ ഉരുളൻതടി വേഗത്തിൽ കറങ്ങുന്നത് ഞാൻ അത്ഭുതത്തോടെ നോക്കും. പിന്നെ കലത്തിലേക്ക് കുനിഞ്ഞ് കിടന്ന് വെണ്ണ വരാൻ തുടങ്ങിയോ എന്ന് നോക്കുമ്പോള് അമ്മച്ചി എന്നെ വഴക്ക് പറയും.

"നിന്റെ തലമുടി എല്ലാം പൊഴിഞ്ഞതിനകത്തു വീഴും പെണ്ണേ. അതെങ്ങിനെയാ, രാവിലെ എഴുന്നേറ്റാല് മുടി ഒന്ന് കെട്ടി ചീകി വെയ്ക്കണം എന്നൊന്നും ഇല്ലല്ലോ നിനക്ക്? ഊരു ചുറ്റി നടപ്പല്ലേ വലിയപ്പന്റെ കൂടെ. ഇത് തീരട്ടെ, ഞാൻ എണ്ണ പുരട്ടി ചെടയെല്ലാം എടുത്തു കെട്ടിവെച്ച് തരാം."

(തുടരും)